**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 253** | **23-01-2025 - ൽ മറുപടിയ്ക്ക്**

**'പടവുകൾ' പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനിതാ ശിശു വികസന വകുപ്പ് 'പടവുകൾ' എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ആർക്കൊക്കെയാണ് അപേക്ഷിക്കുവാൻ സാധിക്കുകയെന്നും എന്തെല്ലാം സഹായങ്ങളാണ് പദ്ധതിയുടെ ഭാഗമായി ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതി മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. വിധവകളുടെ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന (എം.ബി.ബി.എസ്., എഞ്ചിനീയറിംഗ്, ബി.ഡി.എസ്, BHMS, BAMS എന്നിവയും, കേന്ദ്ര സംസ്ഥാന സർക്കാരുകൾ അംഗീകരിച്ചിട്ടുള്ള പ്രൊഫഷണൽ കോഴ്സുകളും) മക്കളുടെ ട്യൂഷൻ ഫീസും, ഹോസ്റ്റലിൽ താമസിക്കുന്നവരാണെങ്കിൽ സ്ഥാപനം നിശ്ചയിച്ചിട്ടുള്ള ഹോസ്റ്റൽ ഫീസും, മെസ്സ് ഫീസും നൽകുന്നു.<br>2. സർക്കാർ, സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടിയവരായിരിക്കണം.<br>3. സ്വാശ്രയ സ്ഥാപനങ്ങളിൽ സർക്കാർ മെരി സീറ്റുകളിൽ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടിയവരായിരിക്കണം.<br>4. മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ, സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സർവ്വകലാശാലകൾ അംഗീകരിച്ചിട്ടുള്ള മറ്റ് പ്രൊഫഷണൽ കോളേജുകൾ എന്നിവയിൽ പഠിക്കുന്നവരായിരിക്കണം.<br>5. കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള പ്രൊഫഷണൽ കോഴ്സുക പഠിക്കുന്നവരായിരിക്കണം.<br>6. കുടുംബത്തിന്റെ വാർഷിക വരുമാനം 3 ലക്ഷ രൂപയിൽ കവിയാൻ പാടില്ല.<br>7. സർക്കാർ തലത്തിൽ മറ്റ് സ്കോളർഷിപ്പുകൾ ലഭിക്കുന്നവർ ഈ ധനസഹായത്തിന് |

| | | | |
|---|---|---|---|
| | | | അർഹരല്ല.<br>8. അങ്കണവാടി ജീവനക്കാർ, ആശാവർക്കർമാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ ഒഴികെയുള്ള സർക്കാർ ജീവനക്കാർ ഈ ആനുകൂല്യത്തിന് അർഹരല്ല.<br>9. ഒരു കുടുംബത്തിലെ രണ്ട് വിദ്യാർത്ഥികൾ ധനസഹായത്തിന് അർഹരായിരിക്കും. |

സെക്ഷൻ ഓഫീസർ